# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1647 — 04.12.2015 ൽ മറുപടിയ്ക്ക്

## റബ്ബർ വില സ്ഥിരതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വില സ്ഥിരതാ പദ്ധതിയിൽ സാമ്പത്തിക ആനുകൂല്യങ്ങൾക്കായി എത്ര കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര ആർ.പി.എസ്സു കളിലൂടെയാണ് ഈ രജിസ്ട്രേഷൻ നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 02.12.2015 വരെ 306635 റബ്ബർ കർഷകർ 1843 ആർ.പി.എസ്സുകളിലൂടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ആർ.പി.എസ്സുകളിലൂടെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്ര അപേക്ഷകൾ ഫീൽഡ് ആഫീസർ മുമ്പാകെ കെട്ടിക്കിടപ്പുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) 02.12.2015 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം 306635 ആണ്. ഇതിൽ ഫീൽഡ് ആഫീസർമാരുടെ പരിശോധനയ്ക്കായി അവശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം 18877 ആണ്. |
| (സി) റബ്ബർ വില സ്ഥിരതാ പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്; പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (സി) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വില സൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം സബ്സിഡിയായി കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കിവരുന്നു. പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിനായി ഈ പദ്ധതിക്ക് മാത്രമായി പ്രത്യേക വെബ് സർവർ സ്ഥാപിക്കുകയും ഹെൽപ്പ് ഡെസ്കിന്റെ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകരുടെ അപേക്ഷകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നത് ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിന് റബ്ബർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ